**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** **03-03-2025 - ൽ മറുപടിയ്ക്ക്**

**അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ജീവിത ശൈലീ രോഗ നിർണ്ണയത്തിനായി നടത്തിയ അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ എത്രമാത്രം വിജയകരമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് "അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗനിർണയ വാർഷികാരോഗ്യ പദ്ധതി. ഇതിലൂടെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ആരോഗ്യ വിവരങ്ങൾ ആശാപ്രവർത്തകർ മുഖേന ശേഖരിക്കുകയും ജീവിതശൈലി രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള ജനങ്ങളെ വിദഗ്ധ പരിശോധനയ്ക്കായി അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഇതിനായി ഇ ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലി' എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തുന്നു. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 30 വയസ്സിനു മുകളിൽ പ്രായമുള്ള ജനസംഖ്യയുടെ 87% ജനങ്ങളെയും സർവ്വേയ്ക്ക് വിധേയമാക്കാൻ സാധിച്ചുവെന്നത് ഈ പദ്ധതിയുടെ വിജയമായി കണക്കാക്കാവുന്നതാണ്. |
| (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യപ്രവർത്തകർ വീടുകളിലെത്തി നടത്തിയ സ്ക്രീനിംഗ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; ഒന്നാംഘട്ടത്തിൽ എത്രപേരെ സ്ക്രീനിംഗിന് വിധേയരാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ; | (ബി) | ഒന്നാം ഘട്ടത്തിൽ 'ശൈലി' ആപ്ലിക്കേഷനിലൂടെ ആശാപ്രവർത്തകർ ഗൃഹസന്ദർശനം നടത്തി 30 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ 87% ജനങ്ങളുടെയും ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. 30 വയസ്സിന് മുകളിൽ പ്രായമുള്ള ഒരുകോടി അൻപത്തിനാല് ലക്ഷത്തോളം പേരെ സ്ക്രീനിംഗിന് വിധേയമാക്കുകയും 27.91 ലക്ഷം ജനങ്ങൾക്ക് ജീവിതശൈലി രോഗങ്ങൾ വരാനുള്ള സാധ്യത കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 16 ലക്ഷത്തിൽ പരം ജനങ്ങൾക്ക് രക്താതിമർദ്ദവും 13.37 ലക്ഷത്തിലധികം പേർക്ക് പ്രമേഹവും 6.26 ലക്ഷം പേർക്ക് പ്രമേഹവും രക്താതിമർദ്ദവും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 9 ലക്ഷത്തോളം |

| | | | |
|---|---|---|---|
| | | | പേർക്ക് കാൻസർ രോഗസാധ്യത കാണുകയും അവരെ തുടർ പരിശോധനയ്ക്കായി അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്തു. ഇപ്രകാരം റഫർ ചെയ്തവരിൽ 30% പേർക്ക് ഉയർന്ന രക്തസമ്മർദ്ദവും 2.6% പേർക്ക് രക്തത്തിൽ പഞ്ചസാരയുടെ ഉയർന്ന അളവും കണ്ടെത്തുകയുണ്ടായി. |
| (സി) | ആർദ്രം ജീവിതശൈലീ രോഗനിർണ്ണയ ജനകീയ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ; | (സി) | രണ്ടാംഘട്ട ശൈലി സർവ്വേ 2024ജൂണിൽ ആരംഭിക്കുകയുണ്ടായി. 2025ഫെബ്രുവരി 23-ാം തീയതി വരെ 1,07,99,876വ്യക്തികളെ സ്ക്രീനിംഗിന് വിധേയമാക്കുകയും 48,12,132 പേർക്ക് രക്താദിമർദ്ദവും പ്രമേഹവും വരാനുള്ള സാധ്യത കണ്ടെത്തുകയുണ്ടായി. 2,16,622 പേർക്ക് കാൻസർ രോഗസാധ്യതയും 4,07,955 വ്യക്തികൾക്ക് ശ്വാസകോശ രോഗ സാധ്യതയും കണ്ടെത്തുകയുണ്ടായി. രണ്ടാംഘട്ട ശൈലി സർവ്വേയിൽ കുഷ്ഠരോഗം, മാനസികരോഗം, കാഴ്ച പരിമിതി, കേൾവി കുറവ് തുടങ്ങിയ അവസ്ഥകളുടെയും സർവ്വേ ഉൾപ്പെടുത്തുകയുണ്ടായി. രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ തുടർപരിശോധനയ്ക്കും രോഗ നിർണയത്തിനുമായി ആരോഗ്യ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനും ആവശ്യമായ സേവനങ്ങൾ നൽകുന്നതിനും വേണ്ട സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. |
| (ഡി) | സ്ക്രീനിംഗിൽ രോഗലക്ഷണങ്ങൾ കണ്ടെത്തിയവർക്ക് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയെന്നും തുടർനടപടികൾ സ്വീകരിച്ചുവരുന്നുവെന്നും അറിയിക്കാമോ? | (ഡി) | രോഗലക്ഷണങ്ങൾ കണ്ടെത്തിയ ജനങ്ങളെ തുടർ പരിശോധനയ്ക്ക് അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തുവരുന്നു. ഇതിൽ രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാര എന്നിവ പരിശോധിക്കുന്നതിന് അടുത്തുള്ള ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലേക്കാണ് റഫർ ചെയ്യുന്നത്. തുടർന്ന് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ കണ്ടെത്തിയ രോഗങ്ങളുടെ സ്ഥിതീകരണത്തിനും തുടർചികിത്സയ്ക്കുമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്ക് റഫർ ചെയ്യുന്നു. കാൻസർ രോഗലക്ഷണങ്ങൾ ഉള്ളവരെ തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുകയും സ്തനാർബുദം, വദനാർബുദം, ഗർഭാശയാർബുദം എന്നീ രോഗങ്ങളുടെ പ്രാരംഭ സ്ക്രീനിംഗിന് വിധേയമാക്കുകയും ചെയ്യുന്നു. വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ മെഡിക്കൽ കോളേജിലേക്കും, കാൻസർ ചികിത്സാ കേന്ദ്രങ്ങളിലേക്കും റഫർ ചെയ്യുന്നു. ക്ഷയ രോഗം, കുഷ്ഠരോഗം, കാഴ്ചക്കുറവ്, കേൾവി കുറവ്, മാനസികരോഗങ്ങൾ എന്നിവ സംശയിക്കപ്പെടുന്നവരെ അതാത് രോഗ |

| | | | |
|---|---|---|---|
| | | | പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് തുടർ ചികിത്സയും ഉറപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ